കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അടിസ്ഥാനമാക്കി കൃഷി വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ അനുബന്ധം - I ആയും കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം -II ആയും ചേർക്കുന്നു*.

കർഷക ക്ഷേമനിധി ബോർഡ്

10(2729) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുവാൻ വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; എത്രപേർ ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം നല്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷനായി സോഫ്റ്റ്വെയർ തയ്യാറാക്കിക്കഴിഞ്ഞു. ഇതിന്റെ സുരക്ഷാ പരിശോധന നടന്നുവരുന്നു. ആയത് പൂർത്തിയായതിനുശേഷം രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

(ബി) എത്ര വർഷം അംശാദായം അടച്ചവർക്കാണ് പെൻഷന് അർഹത ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും കുടിശ്ശിക ഇല്ലാതെ 60 വയസ്സ് വരെ അംശദായം അടച്ച് അംഗമായി തുടരുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ കാലയളവിന്റെയും ആനുപാതികമായി പദ്ധതി പ്രകാരമുള്ള തുക പെൻഷൻ ആയി ലഭിക്കുന്നതാണ്. കൂടാതെ, ആക്ടിന്റെ പ്രാരംഭ തീയതിയിൽ (20-12-2019) 56 വയസ് പൂർത്തിയാക്കിയ ഏതൊരു കർഷകനും 65 വയസ് വരെ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചു തീർക്കുകയും ചെയ്ത തീയതിയുടെ തൊട്ടടുത്ത മാസം മുതൽ അർഹമായ നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

(സി) പെൻഷൻ അനുവദിക്കാനുള്ള വരുമാനം ക്ഷേമനിധി ബോർഡ് എങ്ങനെയാണ് സ്വരൂപിക്കുന്നത് എന്നത് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷകക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി സർക്കാർ രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽനിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. നിധിയിലേയ്ക്ക് താഴെപ്പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

(i) അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം;

(ii) കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേയ്ക്ക് നൽകുന്ന തുക;

(iii) വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

(iv) അംഗങ്ങളുടെ അംശാദായത്തിന് ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250 രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശാദായം;

(v) അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

(vi) കേരള കർഷക ക്ഷേമനിധി ബോർഡിന് കൈമാറ്റം ചെയ്യപ്പെടുന്ന 'കിസ്സാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള തുക;

(vii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ 2013 ലെ കമ്പനി നിയമ പ്രകാരമുള്ള കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

(viii) കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേയ്ക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

LIBRARY ARCHIVES Kerala Legislative Assembly

(ix) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

(x) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

(xi) പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ ;

(xii) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്തുന്നതിൽനിന്നും പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ നിന്നുമുള്ള വരുമാനം ;

(xiii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ്

11(2730) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ഫുഡ് പ്രോസസ്സിംഗിനും അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ബിസിനസുകൾക്കും പ്രോത്സാഹനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു തകുന്നതരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി